# നീര ഉത്പാദനത്തിന് അനുമതി; കർഷകരുടെ ദീർഘനാളത്തെ ആവശ്യത്തിനു ഫലപ്രാപ്തി

കൊച്ചി: നീര ഉത്പാദനത്തിനു മന്ത്രിസഭയുടെ അനുമതി ലഭിച്ചതോടെ നാളികേര ബോർഡും കേര കർഷകരും നാളുകളായി നടത്തിവന്ന പരിശ്രമങ്ങൾക്കു ഫലപ്രാപ്തിയായെന്നു നാളികേര ബോർഡ് വാർത്താക്കുറിപ്പിൽ പറഞ്ഞു. നാളികേര ബോർഡിനും നാളികേര ഉത്പാദക സംഘങ്ങൾക്കും ഫെഡറേഷനുകൾക്കും നീര ഉത്പാദിപ്പിക്കാൻ അനുമതി നല്കിക്കൊണ്ടുള്ള കാബിനറ്റ് തീരുമാനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയാണ് മാധ്യമങ്ങളെ അറിയിച്ചത്. കർഷകർക്ക് ഒരു തെങ്ങിൽ നിന്ന് മാസം 1,500 രൂപ വരെ വരുമാനം ഉറപ്പാക്കുന്ന ഉത്പന്നമാണ് നീര. 2013 സെപ്റ്റംബറിൽ നീര ഉത്പാദനത്തിന് അനുമതി നല്കിക്കൊണ്ട് ഗവൺമെന്റ് ഉത്തരവു പുറപ്പെടുവിക്കുകയും അതിന് എക്സൈസ്, നിയമ വകുപ്പുകളുടെ ഉപദേശം ആരായുകയും ചെയ്തിരുന്നു. അബ്കാരി നിയമത്തിലെ ഭേദഗതിയായിരുന്നു മുന്നിലുണ്ടായിരുന്ന പ്രധാന പ്രതിബന്ധം. നിയമഭേദഗതികളുടെ വിശദാംശങ്ങൾ ഗവൺമെന്റ് ഉത്തരവിൽ പ്രസിദ്ധീകരിക്കും. ആറു മാസത്തോളമായി നാളികേര വികസന ബോർഡ് നീര സംസ്കരണത്തിന്റെ നൂതന സാങ്കേതിക വിദ്യ വികസിപ്പിച്ചു വരികയാണ്. ഇതു വൈകാതെ നാളികേര ഉത്പാദക ഫെഡറേഷനുകൾക്കും സംഘങ്ങൾക്കും കൈമാറും. ഈ സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയാവും സംഘങ്ങൾ നീര ഉത്പാദനം നടത്തുക. കളമശേരിയിലെ എസ്സിഎംഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോസയൻസ് ആൻഡ് ബയോടെക്നോളജി റിസർച്ച് ആൻഡ് ഡവലപ്മെന്റിലും ഇതു സംബന്ധിച്ച ഗവേഷണങ്ങൾ അവസാന ഘട്ടത്തിലാണ്. തുടക്കത്തിൽ നീര മാത്രമാണ് ഉത്പാദനലക്ഷ്യമെങ്കിലും വൈകാതെ നീരയിൽ നിന്നുള്ള ചക്കര, സിറപ്പ്, തേൻ, പഞ്ചസാര തുടങ്ങിയ ഉപോത്പന്നങ്ങളുടെ നിര തന്നെ നാളികേര ബോർഡിന്റെയും എസ്സിഎംഎസിന്റെയും പരീക്ഷണശാലകളിൽ ഒരുങ്ങുന്നുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി.